"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിവര പൊതുജന സമ്പർക്ക വകുപ്പ്- ബഹു.മുഖ്യമന്ത്രിയുടെ പ്രതിവാര സംവാദ പരിപാടിയായ "നാം മുന്നോട്ട്" അമൃത ടി.വി യിൽ സംപ്രേഷണം ചെയ്യുന്നതിനു തുടർ അനുമതി നൽകിയ ഉത്തരവിലെ സമയക്രമത്തിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിവര പൊതുജന സമ്പർക്ക (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.56/2024/I&PRD തിരുവനന്തപുരം, 04-07-2024

---

പരാമർശം:-
1. സ.ഉ.(സാധാ)നം.58/2023/ഐ.പി.ആർ തീയതി 17.06.2023
2. സ.ഉ.(സാധാ)നം.110/2023/ഐ.പി.ആർ തീയതി 10.11.2023
3. 10.06.2024- ലെ അമൃത ടെലിവിഷൻ ഡെപ്യൂട്ടി മാനേജർ, സെയിൽസ് സമർപ്പിച്ച കത്ത്

**ഉത്തരവ്**

ബഹു.മുഖ്യമന്ത്രിയുടെ പ്രതിവാര സംവാദ പരിപാടിയായ "നാം മുന്നോട്ട്" 80,000/-+ ജി.എസ്.ടി നിരക്കിൽ ശനിയാഴ്ച തോറും 08.30 pm മുതൽ 9.00 pm വരെ അമൃത ടി.വിയിൽ സംപ്രേഷണം ചെയ്യുന്നതിന് പരാമർശം (1) പ്രകാരം തുടർ അനുമതിയും, പരാമർശം (2) പ്രകാരം സംപ്രേക്ഷണ സമയത്തിൽ ഭേദഗതി വരുത്തിയും ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ചാനലുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുള്ളതാണ്.

2. "നാം മുന്നോട്ടിന്റെ സംപ്രേഷണസമയം ഞായറാഴ്ച തോറും 1.00 PM മുതൽ 1.30 PM ലേക്ക് മാറ്റുന്നതിന് അനുമതി ലഭ്യമാക്കണമെന്ന് പരാമർശം (3) പ്രകാരം അമൃത ടി. വി ഡപ്യൂട്ടി മാനേജർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ബഹു.മുഖ്യമന്ത്രിയുടെ പ്രതിവാര സംവാദ പരിപാടിയായ "നാം മുന്നോട്ടിന്റെ സംപ്രേക്ഷണ സമയത്തിൽ ഭേദഗതി വരുത്തിയ പരാമർശം (2) ഉത്തരവിലെ 3-ാം ഖണ്ഡികയിൽ സംപ്രേഷണ സമയം "ഞായറാഴ്ച തോറും 01.15 PM മുതൽ 1.45 PM വരെ എന്നത് ഞായറാഴ്ച തോറും 1.00 PM മുതൽ 1.30 PM വരെ" എന്ന ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. സംപ്രേഷണം, കാലാവധി എന്നിവ സംബന്ധിച്ച് വിവര പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടറും അമൃത ടി.വി യും തമ്മിൽ കരാറിൽ ഏർപ്പെടേണ്ടതാണ്.

4. പരാമർശത്തിലെ ഉത്തരവുകൾ മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശ്യാം വി

ജോയിന്റ് സെക്രട്ടറി

അമൃത ടി.വി, അമൃത എന്റർപ്രൈസസ് പ്രൈവറ്റ് ലിമിറ്റഡ്,

ഗാന്ധി നഗർ വഴുതയ്ക്കാട് പിൻ -695 014.

അഡീഷണൽ ഡയറക്ടർ (ഇ.എം.ഡി)

ഡെപ്യൂട്ടി ഡയറക്ടർ (വി.സി)

ഇൻഫർമേഷൻ ഓഫീസർ(പി.പി) (കരാറിൽ ഏർപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി)

ഇൻഫർമേഷൻ ഓഫീസർ((പ്ലാനിംഗ്)

വെബ്& ന്യൂ മീഡിയ

ഉത്തരവിൻ പ്രകാരം

Signed by

Kavitha. G R

Date: 04-07-2024 16:54:44

പകർപ്പ്:- ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

വിവര പൊതുജന സമ്പർക്ക വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്/

വിവര പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടറുടെ സി.എ.യ്ക്ക്.